# ദനഹായ്ക്കുശേഷം രണ്ടാം ഞായർ

## ലൂക്കാ 4:16 – 22

കർത്താവായ യേശുക്രിസ്തു നസ്രത്തിലെ സിനഗോഗിൽ പ്രവേശിച്ച് സാബത്തു ദിവസം ഏശയ്യാ പ്രവചനത്തിൽനിന്നും തന്നെക്കുറിച്ച് എഴുതപ്പെട്ടിരിക്കുന്ന ഒരു ഭാഗം വായിച്ചു. ഇത് യേശുവിന്റെ ദൗത്യം വ്യക്തമാക്കുന്ന പ്രവചനഭാഗമാണ്. ദൈവമായ കർത്താവിന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്. യേശുവിനെ സംബന്ധിച്ച് ഇത് നൂറുശതമാനം ശരിയാണ്. എന്നാൽ ഇന്ന് ദൈവത്തിന്റെ ആത്മാവിന്റെ പേരിൽ ധാരാളം തട്ടിപ്പുകൾ നടക്കുന്നുണ്ട്. യേശുവിന്റെ നാമത്തിൽ തന്നിഷ്ടങ്ങളെ പ്രവചനങ്ങളായി മനുഷ്യരുടെമേൽ അടിച്ചേല്പിക്കുന്നവരും കുറവല്ല. സാമ്പത്തിക ലാഭത്തിനുവേണ്ടി ദൈവാത്മാവിന്റെ നാമം ദുരുപയോഗിക്കുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നു. ദൈവവചനങ്ങളിൽനിന്ന് തങ്ങൾക്കിഷ്ടപ്പെട്ടവ തിരഞ്ഞുപിടിച്ച് ദുർവ്യാഖ്യാനം ചെയ്ത് ആത്മാവിന്റെ മേൽചാർത്തി അവതരിപ്പിക്കുന്നവരും ധാരാളമുണ്ട്. അതിനാൽ ദൈവത്തിന്റെ പേരു പറയുന്നുവെന്ന ഒറ്റക്കാരണത്താൽ എല്ലാ ആത്മാക്കളെയും വിശ്വസിക്കാൻ കൊള്ളില്ലെന്ന് നാം മനസ്സിലാക്കണം. സത്യദൈവത്തിന്റെ ആത്മാവ് തിരുവചനത്തിനെതിരായവയോ ദുർവ്യാഖ്യാനങ്ങളോ നൽകില്ല. യേശുക്രിസ്തുവിന്റെ മണവാട്ടിയായ സത്യതിരുസഭയിൽ നിന്നകറ്റുന്ന തെറ്റായ പ്രബോധനങ്ങൾ നൽകില്ല. സത്യത്തിൽ നിന്നും സത്യവിശ്വാസത്തിൽ നിന്നും അകറ്റുന്നതൊന്നും കർത്താവിന്റെ ആത്മാവിൽ നിന്നും പുറപ്പെടുന്നതല്ല; മറിച്ച് പൈശാചിക ആത്മാക്കളിൽ നിന്ന് പുറപ്പെടുന്നവയാണ്.

കർത്താവിന്റെ ആത്മാവ് ഉണ്ടായിരുന്ന യേശുക്രിസ്തു ദൈവീക പദ്ധതിപ്രകാരം സുവിശേഷം അറിയിച്ചു. നമ്മളും ദൈവാത്മാവിനാൽ നയിക്കപ്പെട്ട് സുവിശേഷം മറ്റുള്ളവരുമായി പങ്കുവയ്ക്കണം. കർത്താവിന്റെ ആത്മാവുള്ളവരായ കത്തോലിക്കർ തങ്ങളുടെ സത്യവിശ്വാസം ഉത്സാഹപൂർവ്വം മറ്റുള്ളവരുമായി പങ്കുവയ്ക്കണം. നിത്യം നിലനില്ക്കുന്ന കർത്താവിന്റ വചനമായ സുവിശേഷം പകർന്നു നൽകണം. ഇത് കർത്താവിന്റെ ആത്മാവുള്ള ഓരോ കത്തോലിക്കന്റെയും കടമയാണ്.

ദരിദ്രരോട് സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ആരാണ് ദരിദ്രർ? വിശപ്പും ദാഹവും ഉള്ളവർ, വസ്ത്രമില്ലാത്തവർ, പാർപ്പിടമില്ലാത്തവർ എന്നിവർ ദ്രരിദ്രരാണ്. ദൈവജ്ഞാനത്തിനും ദൈവവചനത്തിനും വേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ ദരിദ്രരാണ്. തിരുശരീര രക്തങ്ങൾ സ്വീകരിച്ച് യേശുവിന്റെ ജീവിതത്തിൽ പങ്കാളികളാകാൻവേണ്ടി വിശക്കുകയും ദാഹിക്കുകുയും ചെയ്യുന്നവരും സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതിന് വിശപ്പോടും ദാഹത്തോടും കഴിയുന്നവരും ദരിദ്രരാണ്. ദൈവം ആദത്തെയും ഹവ്വായെയും അവരുടെ പാപത്തിനു മുമ്പ് ധരിപ്പിച്ചിരുന്ന മഹത്വത്തിന്റെ അങ്കിയില്ലാത്തവർ വസ്ത്രമില്ലാത്തവരാണ്. പാപം മൂലം ദൈവസന്നിധിയിൽ നഗ്നരായവർ ദരിദ്രരാണ്. യേശുവിന്റെ രക്തത്താൽ കഴുകി ശുദ്ധരാകുന്നതിനും വിശുദ്ധിയുടെ വസ്ത്രം ധരിക്കുന്നതിനുമായി കാത്തിരിക്കുന്നവർ ദരിദ്രരാണ്. സ്വർഗ്ഗത്തിൽ പാർപ്പിടമില്ലാത്തവർ, ദൈവത്തിൽ നിന്നും അവിടുത്തെ രാജ്യത്തിൽ നിന്നും അകന്നവർ ദൈവഭവനം

ഉപേക്ഷിച്ചവർ എല്ലാം ദരിദ്രരാണ്. വിവിധ രീതിയിൽ ദരിദ്രരായിരിക്കുന്നവരോട് സുവിശേഷം പ്രസംഗിക്കണം. നമ്മൾ ഏതെങ്കിലും വിധത്തിൽ ദരിദ്രരാണോ? ദരിദ്രരാണെങ്കിൽ സുവിശേഷം ആർത്തിയോടെ സ്വീകരിച്ച് ദൈവരാജ്യത്തിലെ അംഗങ്ങളായി വളരണം. സുവിശേഷമനുസരിച്ച് ജീവിക്കുന്ന സമ്പന്നരാണെങ്കിൽ മറ്റുള്ളവർക്കും സുവിശേഷം പകർന്നു നൽകണം. ദൈവവചനത്തിനായി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്ന ദരിദ്രരെ, ദൈവത്തെ കാണാനും കേൾക്കാനും അനുഭവിക്കാനും ആഗ്രഹിക്കുന്ന ദരിദ്രരെ അവഗണിക്കരുത്. യേശു ദരിദ്രരോട് സുവിശേഷം അറിയിച്ചതുപോലെ നമ്മളും സുവിശേഷം അറിയിക്കണം. യേശു ചെയ്ത കാര്യങ്ങൾ നമ്മൾ ധ്യാനിക്കുന്നത് ക്രിസ്തുവിനെ അനുകരിക്കുന്നതിനാണ്. ഒരിക്കലും ധ്യാനിച്ച് മറക്കാനല്ല.

**ബന്ധിതർക്കു മോചനം**: ബന്ധിതർ ബന്ധിത അവസ്ഥയിൽ ആയതിനാൽ അവർക്ക് ചലന സ്വാതന്ത്ര്യം ഇല്ല. ആഗ്രഹിക്കുന്ന നന്മ ചെയ്യാൻ കഴിയാത്ത അവസ്ഥയും ഇതിൽപെടും. ദൈവത്തിന്റെ സന്നിധിയിലേക്ക് പോകാനാവാത്ത ബന്ധിതാവസ്ഥ. സാത്താന്റെയും അശുദ്ധാത്മാക്കളുടെയും ബന്ധനത്തിൽ കഴിയുന്ന സ്ഥിതി. തെറ്റായ സൗഹൃദങ്ങളിലൂടെയുള്ള ബന്ധനം. കുറ്റബോധത്തിലൂടെയും അപകർഷതാ ബോധത്തിലൂടെയും സ്വയം തീർത്തിരിക്കുന്ന ബന്ധനം. പാപ ബന്ധനവും ആകാം. യേശു അരുളിച്ചെയ്തു: "...പാപം ചെയ്യുന്നവൻ പാപത്തിന്റെ അടിമയാണ്. അടിമ എക്കാലവും ഭവനത്തിൽ വസിക്കുന്നില്ല. പുത്രനാകട്ടെ എക്കാലവും വസിക്കുന്നു. അതുകൊണ്ട് പുത്രൻ നിങ്ങളെ സ്വതന്ത്രരാക്കിയാൽ നിങ്ങൾ യഥാർത്ഥത്തിൽ സ്വതന്ത്രരാണ് "(യോഹ 8:34-36). ദൈവത്തിങ്കലേക്കുള്ള വളർച്ചയിൽ നിന്ന് നമ്മെ തടസ്സപ്പെടുത്തുന്നതെല്ലാം ബന്ധനങ്ങളിൽപ്പെടും. അതുകൊണ്ട് മദ്യപാനം, പുകവലി, ദുശ്ശീലങ്ങൾ എന്നിവയ്ക്ക് അടിമകളാണെങ്കിൽ നാം കണ്ണീരോട് പ്രാർത്ഥിച്ച് ക്രിസ്തുവിനാൽ സ്വതന്ത്രരാക്കപ്പെടുന്നതിന് തീക്ഷ്ണമായി പ്രാർത്ഥിക്കണം.

**അന്ധർക്ക് കാഴ്ച** : ദൈവത്തെ കാണാൻ കഴിയാത്ത അവസ്ഥ. മനുഷ്യരിൽ ക്രിസ്തുവിനെ കാണാൻ കഴിയാത്ത അവസ്ഥ. തന്നിലെ ക്രിസ്തുവിനെ കാണാൻ കഴിയാത്ത അവസ്ഥ. മറ്റുള്ളവരിലെ നന്മകൾ കാണാൻ കഴിയാത്ത അവസ്ഥ. ദൈവം കാണുന്നതുപോലെ ലോകത്തെ കാണാൻ കഴിയാത്ത അവസ്ഥ. ഇവയെല്ലാം വിവിധ തരത്തിലുള്ള അന്ധതകളാണ്. ഇത്തരത്തിലുള്ള അന്ധതകൾ നീക്കം ചെയ്ത് ദൈവമാകുന്ന പ്രകാശത്തിലൂടെ സർവതിനെയും കാണാൻ നമുക്ക് കഴിയണം. മറ്റുള്ളവരും ദൈവീക കാഴ്ചയുള്ളവരാകുന്നതിന് നമ്മൾ പരിശ്രമിക്കണം.

**അടിമത്വപ്പെട്ട അവസ്ഥ**: സ്വാതന്ത്ര്യമില്ലാത്ത അവസ്ഥയും ഭീക്ഷണപ്പെടുത്തി അടിച്ചമർത്തിവച്ചിരിക്കുന്ന അവസ്ഥയും ഇതിൽപ്പെടും. ധാരാളം ആത്മാക്കൾ തെറ്റിൽ അടിച്ചമർത്തപ്പെട്ടിട്ടുണ്ട് അവരെയും സത്യസഭയുടെ സ്വാതന്ത്യത്തിലേക്ക് നയിക്കാൻ നാം കടപ്പെട്ടിരിക്കുന്നു. ദൈവത്തോടും ദൈവവചനത്തോടും ചേർന്നു പ്രവർത്തിക്കാൻ കഴിയാത്ത അവസ്ഥയിൽനിന്ന് നാം സ്വതന്ത്രരാകണം. എന്നിട്ടോ, മക്കൾക്കടുത്ത സ്വാതന്ത്ര്യത്തോടെ ഈ ലോകത്തിൽ ജീവിക്കാൻ നമുക്ക് കഴിയണം; മറ്റുള്ളവരെ ജീവിക്കാൻ സഹായിക്കാനും നമുക്ക് കഴിയണം.

എവരും സ്വതന്ത്രരും കാഴ്ചയുള്ളവരും മോചിതരുമാകുമ്പോൾ കർത്താവിനു സ്വീകാര്യമായ വത്സരം രൂപം കൊള്ളുന്നു. കർത്താവിന് സ്വീകാര്യമായ വത്സരം രൂപപ്പെടുത്താൻ ക്രിസ്തുവിനോട് ചേർന്ന് നമുക്ക് പരിശ്രമിക്കാം. അതിനായി നമുക്ക് വിവിധ അന്ധതകളിൽ നിന്നും ബന്ധനങ്ങളിൽ നിന്നും അടിച്ചമർത്തലുകളിൽ നിന്നും ക്രിസ്തുവിനാൽ സ്വതന്ത്രരാക്കപ്പെടുന്നതിന് നമുക്ക് പ്രാർത്ഥിക്കാം; പ്രയത്നിക്കാം.

ദൈവം അനുഗ്രഹിക്കട്ടെ.